# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.34 27-02-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.ഇ.കെ. വിജയൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ.എൽദോ എബ്രഹാം
ശ്രീ.കെ. രാജൻ

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ബാധിക്കുന്ന നിർദ്ദേശങ്ങൾ</u>**

| | | |
|---|---|---|
| (എ) | 2018-19ലെ കേന്ദ്ര ബജറ്റ് സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | നോട്ട് നിരോധനവും വികലമായ സാമ്പത്തിക നയങ്ങളുടെയും ഫലമായി തകർന്നടിഞ്ഞ സമ്പദ് വ്യവസ്ഥയിലെ കാർഷിക, പരമ്പരാഗത, വ്യവസായം, മത്സ്യബന്ധനം, വിനോദസഞ്ചാരം അടക്കമുള്ള പ്രധാന മേഖലകളെ പുനരുജ്ജീവിപ്പിക്കുന്നതിനോ സംസ്ഥാനം പ്രതീക്ഷയോടെ കാത്തിരുന്ന വൻകിട പദ്ധതികൾ അനുവദിക്കുന്നതിനോ കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ നിറവേറ്റുന്നതിനുതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനോ പര്യാപ്തമായ പ്രഖ്യാപനങ്ങളൊന്നും കേന്ദ്ര ബജറ്റിൽ ഉണ്ടായിരുന്നില്ലെന്നത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം നിരാശാജനകമാണ്.<br><br>പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2017-18 വർഷത്തേയ്ക്കുള്ള സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. 2018-19-ലെ കേന്ദ്ര നികുതി വിഹിതം (2016-17-ലെ അഡ്ജസ്റ്റമെന്റ് ഭാഗം കഴിച്ച്) 19210.32 കോടി രൂപയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള അടങ്കൽ 2017-18-ലെ പുതുക്കിയ എസ്റ്റിമേറ്റിലും 2018-19-ലെ ബജറ്റ് എസ്റ്റിമേറ്റിലും വർദ്ധനവ് വരുത്തിയിട്ടുണ്ട് എന്നാൽ നാളിതുവരെയുള്ള അനുഭവത്തിൽ പ്രസ്തുത പദ്ധതികൾക്കുള്ള ഫണ്ട് വിതരണത്തിന് കേന്ദ്രം ഏർപ്പെടുത്തിയിരിക്കുന്ന നിബന്ധനകൾ സ്റ്റേറ്റ് സ്പെസിഫിക് |

| | | |
|---|---|---|
| | | അല്ലാത്തതിനാൽ സംസ്ഥാനത്തിന് ഈ ഇനത്തിൽ ലഭിക്കുവാനുള്ള തുക സംസ്ഥാന ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ കുറയുവാൻ സാധ്യതയുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 2017-18-ലെ ധനക്കമ്മി-ആഭ്യന്തര ഉത്പാദന അനുപാതം 3.5% ആണ്. അതേസമയം 2018-19-ൽ ഇത് 3.3% ആയി നിജപ്പെടുത്തുവാനാണ് കേന്ദ്ര സർക്കാർ ബജറ്റിലൂടെ ശ്രമിച്ചിരിക്കുന്നത്. തത്ഫലമായി ടി ലക്ഷ്യം കൈവരിക്കുന്നതിന് കേന്ദ്ര സർക്കാർ ചെലവുചുരുക്കുവാൻ നിർബന്ധിതമായേക്കും. അത്തരം സാഹചര്യത്തിൽ ആയത് കേന്ദ്രത്തിൽനിന്നും സംസ്ഥാനങ്ങൾക്കുള്ള കൈമാറ്റത്തിൽ ഇടിവ് സൃഷ്ടിക്കുവാനുള്ള സാധ്യതയുണ്ട്.<br><br>ഉത്പാദന ചെലവിന്റെ ഒന്നര ഇരട്ടി താങ്ങുവില നിശ്ചയിക്കുവാൻ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചുവെങ്കിലും ആയത് നടപ്പിലാക്കുന്നതിനുള്ള സംവിധാനം ഇനിയും ഉരുത്തിരിയേണ്ട പശ്ചാത്തലത്തിൽ ടി സഹായം കേരളത്തിലെ കർഷകർക്ക് എത്രത്തോളം പ്രയോജനപ്രദമാകുമെന്ന് ഇപ്പോൾ വിലയിരുത്തുക അസാദ്ധ്യമാണ്. കൂടാതെ പ്രസ്തുത ആനുകൂല്യം ഖാരിഫ് വിളകൾക്കാണ് ബാധകമാക്കിയിരിക്കുന്നത്. കേരളത്തിലെ കാർഷികവിളകളിൽ ഭൂരിഭാഗവും പ്രതിനിധാനം ചെയ്യുന്നത് നാണ്യവിള കളാണ് ആയത് ഖാരിഫ് വിളകളിൽ പ്പെടാത്തതിനാൽ ഇക്കാര്യത്തിൽ ആശങ്ക അവശേഷിക്കുന്നു. റബ്ബറിന്റെ വിലയിടിവ് കേരളത്തിലെ കാർഷികമേഖല ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്. എന്നാൽ ആയത് പരിഹരിക്കുന്നതിനായി റബ്ബറടക്കമുള്ള തോട്ടവിളകൾക്കോ നാണ്യ വിളകൾക്കോ പ്രത്യേക പാക്കേജുകളൊന്നും കേന്ദ്ര ബജറ്റിൽ ഉൾപ്പെടു ത്തിയിട്ടില്ല.<br><br>ഭക്ഷ്യസബ്സിഡിക്കുള്ള വിഹിതം 2017-18-ലെ പുതുക്കിയ എസ്റ്റിമേറ്റിൽ കുറച്ചതും മണ്ണെണ്ണ സബ്സിഡി, വിവിധ ഇനം പലിശ സബ്സിഡികൾ, മറ്റ് ചില സബ്സിഡികൾ എന്നിവയിൽ 2018-19-ൽ വരുത്തിയിട്ടുള്ള ഗണ്യമായ വെട്ടിച്ചുരുക്കലുകളും സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കുകയും വിലക്കയറ്റം രൂക്ഷമാക്കുകയും ചെയ്യും.<br><br>പെട്രോളിന്റെയും ഡീസലിന്റെയും<br><br>എക്സൈസ് ഡ്യൂട്ടിയിൽ കുറവ് വരുത്തി |

| | | |
|---|---|---|
| | | യെങ്കിലും റോഡ് പശ്ചാത്തല സൗകര്യ സെസ്സ് ഏർപ്പെടുത്തിയതുവഴി മേൽ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭിക്കാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് വില ക്കയറ്റത്തിൽ ഒരു ശമനം സമീപകാലത്ത് പ്രതീക്ഷിക്കുവാനാവില്ല.<br><br>സംസ്ഥാനം കാലങ്ങളായി ആവശ്യപ്പെട്ടു വന്നിരുന്നതും മുൻ ബജറ്റിൽ പ്രഖ്യാപിച്ച തടക്കമുള്ള പാലക്കാട് കോച്ച് ഫാക്ടറി, റെയിൽവേ സോൺ, ശബരി റെയിൽപാത, പാത ഇരട്ടിപ്പിക്കൽ എന്നിവ ബജറ്റിൽ ഇടം നേടാത്തതും അല്ലെങ്കിൽ ആവശ്യമായ വിഹിതം ലഭ്യമാക്കാത്തതും സംസ്ഥാന ത്തിന്റെ റെയിൽവേ വികസനത്തെ പ്രതികൂലമായി ബാധിക്കും. |
| (ബി) | പെട്രോളിനും ഡീസലിനും പ്രത്യേക റോഡ്-പശ്ചാത്തല സൗകര്യ സെസ്സ് ഏർപ്പെടുത്തിയതിലൂടെ സംസ്ഥാനങ്ങൾക്ക് ഉണ്ടായിരുന്ന വരുമാനം നഷ്ടപ്പെടുത്തി കേന്ദ്ര സർക്കാരിന് വരുമാന വർദ്ധനവ് ഉറപ്പാക്കിയെന്ന് കരുതുന്നുണ്ടോ ; വ്യക്തമാക്കുമോ ; | പെട്രോളിനും ഡീസലിനും ഏർപ്പെടുത്തി യിരുന്ന എക്സൈസ് തീരുവയിൽ ഇളവ് വരുത്തി പകരം റോഡ് പശ്ചാത്തല സൗകര്യ സെസ് ഏർപ്പെടുത്തുവാൻ ബജറ്റിലൂടെ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സെസ്സിലൂടെ സമാഹരിക്കുന്ന തുക സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കേണ്ട നികുതി യുടെ പൊതുഫണ്ടിൽ ഉൾപ്പെടാത്തതിനാൽ ടി വരുമാനം പൂർണ്ണമായും കേന്ദ്ര സർക്കാരിന് ലഭിക്കും. തത്ഫലമായി മേൽ ചരക്കുകളിൽനിന്നും കേന്ദ്ര സർക്കാരിന് ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരവിൽ വൻവർദ്ധനവ് ലഭിക്കും. 2017-18ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതത്തിൽ കുറവ് വരുത്തിയപ്പോൾ ടി വിഹിതം കഴിച്ചുള്ള കേന്ദ്രത്തിന്റെ നികുതിവരുമാനത്തിൽ 42000 കോടി |

| | | |
|---|---|---|
| | | രൂപയുടെ വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ട്. കോ-ഓപ്പറേറ്റീവ് ഫെഡറലിസത്തിന് എതിരായ ഇത്തരം നടപടികൾ, ചരക്ക് സേവന നികുതിയുടെ വരവോടുകൂടി നികുതി ചുമത്തുവാനുള്ള അവകാശം നഷ്ടപ്പെട്ട സംസ്ഥാന സർക്കാരിന്റെ നികുതി അടിത്തറയെ പ്രതികൂലമായി ബാധിക്കും. |
| (സി) | കാർഷിക മേഖലയിൽ വിലസ്ഥിരതാനിധി യുടെ വിഹിതം 3500 കോടി രൂപയിൽ നിന്ന് 1500 കോടി രൂപയായി കുറച്ചതും വിപണി ഇടപെടൽ വിഹിതം കുറച്ചതും സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ഏതൊക്കെ തരത്തിൽ ദോഷകരമായി ബാധിച്ചുവെന്ന് വ്യക്തമാക്കുമോ ? | വിപണി ഇടപെടലിനും പ്രൈസ് സപ്പോർട്ടിനും ഉള്ള വിഹിതത്തിൽ 2017-18-ലെ പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 79% കുറവ് 2018-19-ലെ ബജറ്റിൽ വരുത്തിയിട്ടുണ്ട്. കൂടാതെ വിലസ്ഥിരതാ നിധിയ്ക്കുള്ള തുക 3500 കോടിയിൽ നിന്നും അടുത്ത സാമ്പത്തിക വർഷം 1500 കോടിയായി വെട്ടിക്കുറിച്ചിട്ടുമുണ്ട്. മേൽ നടപടികളടെ ഫലമായി ഇപ്പോൾ തന്നെ ഗുരുതര പ്രതിസന്ധി നേരിടുന്ന കാർഷിക മേഖലയിലെ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാക്കും. കൂടാതെ വിലക്കയറ്റവും നാണയപ്പെരുപ്പവും വർദ്ധിക്കുകയും ഇത് അടിസ്ഥാന, മദ്ധ്യവർഗ്ഗക്കാരുടെ ജീവിതത്തെ വളരെ ദോഷകരമായി ബാധിക്കുകയും ചെയ്യും. |

അക്കൗണ്ട്സ് ഓഫീസർ